# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3936 — 20.07.15 ൽ - മറുപടിക്ക്

## ഗുരുതരരോഗം ബാധിച്ചവരുടെ റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കുന്നതിനുളള തടസ്സം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ക്യാൻസർ, കിഡ്നി രോഗം, തലച്ചോറിന്റെ രോഗം തുടങ്ങി ഗുരുതരമായ രോഗം ബാധിച്ചവർ ഉൾപ്പെട്ട റേഷൻ കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ ; | ക്യാൻസർ, കിഡ്നി രോഗം തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവരെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സ.ഉ(കൈ)നം.112/2012/ത.സ്വ.ഭ.വ തീയതി 27.04.12 പ്രകാരം ഉത്തരവായിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ബി.പി.എൽ. റേഷൻകാർഡ് നൽകിവരുന്നു. |
| (ബി) മേൽ പറഞ്ഞവരുടെ റേഷൻ കാർഡുകളിൽ ഇപ്രകാരം തിരുത്തലുകൾ വരുത്തുന്നതിന് എന്താണ് ചെയ്യേണ്ടത്; ഇതിനുവേണ്ടി സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാമാണ്; ഇതിന്റെ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; ഇപ്രകാരം ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിക്കപ്പെട്ടാൽ എത്ര ദിവസങ്ങൾക്കുളളിൽ റേഷൻ കാർഡിൽ മാറ്റം വരുത്തി തിരികെ ലഭിക്കുമെന്ന് പറയാമോ; | (ബി) മേൽ പറഞ്ഞവരുടെ റേഷൻകാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിന് ടി രോഗ ബാധിതർ അവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകേണ്ടതാണ്. ടി അപേക്ഷകൾ ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസറിനും ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റിനും റിപ്പോർട്ടിനായി നൽകുന്നു. ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെയും ജില്ലാ സപ്ലൈ ഓഫീസറിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ കളക്ടർ ടി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതാണ്. അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) ഗുരുതരമായ രോഗങ്ങൾ ബാധിച്ചവരും ബി.പി.എൽ. വിഭാഗമായിട്ടും റേഷൻ കാർഡിൽ തെറ്റായി എ.പി.എൽ. എന്ന് രേഖപ്പെടുത്തി ലഭിച്ചവരുമായ ആളുകൾക്ക് റേഷൻ കാർഡിൽ ബി.പി.എൽ. എന്ന് തിരുത്തി കിട്ടുന്നതിനുവേണ്ടി ജില്ലാ കളക്ടറേറ്റുകളിലും താലൂക്ക് സപ്ലൈ ഓഫീസുകളിലും എത്തുമ്പോൾ വിവിധ തടസ്സങ്ങൾ ഉയർത്തി അവരെ തിരിച്ചയയ്ക്കുന്ന നടപടി ജീവനക്കാർ സ്വീകരിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇപ്രകാരമുളള കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) ശ്രദ്ധയിൽ പെട്ടിട്ടില്ല. അനാവശ്യ തടസ്സങ്ങൾ ഉയർത്തി കാർഡ് നിഷേധിച്ചാൽ ബന്ധപ്പെട്ട ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിക്കും. |

Sreeh
സെക്ഷൻ ഓഫീസർ

M-